**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 41** **23-02-2022 - ല്‍ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മികച്ച നിക്ഷേപ സൗഹൃദമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.വി.അന്‍വര്‍,<br>ശ്രീ. പി. നന്ദകുമാര്‍,<br>ശ്രീ. എച്ച്. സലാം | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിൽ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന കേരളത്തെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി ഉയർത്തുന്നതിന് പരിപാടിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെഎസ്ഐഡിസി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിൻറെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു: 1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് / അപ്പ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. 2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിൻ്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും |

| | | | |
|---|---|---|---|
| | | | പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസസിങ്ങിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്കീം മുഖേന വർഷംതോറും കുറഞ്ഞത് 500 സംരംഭങ്ങൾ എന്ന ലക്ഷ്യം വെച്ചുകൊണ്ട് അഞ്ചു വർഷത്തേക്ക് 2500 സംരംഭങ്ങൾ എങ്കിലും നടപ്പിലാക്കുവാനും ഇത് വഴി 3,000 തൊഴിലവസരങ്ങൾ വർഷാവർഷം സൃഷ്ടിക്കാനുള്ള സാഹചര്യവും സംസ്ഥാനത്ത് സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, തൊഴിൽ മേഖലകളിലും സാമൂഹ്യജീവിതത്തിലും ആശാവഹമായ പുരോഗതിയും സംസ്ഥാന സമ്പത്ഘടനയുടെ വളർച്ചയും ഉറപ്പ് വരുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് തൊഴിൽ ലഭ്യമാകുമെന്നും എം.എസ്.എം.ഇ. കൾക്കും സ്റ്റാർട്ടപ്പുകൾക്കും വായ്പ ലഭ്യമാക്കുമോയെന്നും ഏതൊക്കെ വിഭാഗങ്ങൾക്ക് വായ്പ ലഭിക്കാൻ അർഹതയുണ്ടെന്നും വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെഎസ്ഐഡിസി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിൻറെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു: 1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് / അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. 2. സൂക്ഷ്മ സംരംഭങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | പ്രവർത്തന മൂലധന വായ്പ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിൻ്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസസിങ്ങിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്കീം മുഖേന വർഷംതോറും കുറഞ്ഞത് 500 സംരംഭങ്ങൾ എന്ന ലക്ഷ്യം വെച്ചുകൊണ്ട് അഞ്ചു വർഷത്തേക്ക് 2500 സംരംഭങ്ങൾ എങ്കിലും നടപ്പിലാക്കുവാനും ഇത് വഴി 3,000 തൊഴിലവസരങ്ങൾ വർഷാവർഷം സൃഷ്ടിക്കാനുള്ള സാഹചര്യവും സംസ്ഥാനത്ത് സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, തൊഴിൽ മേഖലകളിലും സാമൂഹ്യജീവിതത്തിലും ആശാവഹമായ പുരോഗതിയും സംസ്ഥാന സമ്പത്ഘടനയുടെ വളർച്ചയും ഉറപ്പ് വരുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, തൊഴിൽ മേഖലകളിലും സാമൂഹ്യജീവിതത്തിലും ഇതുവഴി എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെഎസ്ഐഡിസി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിൻറെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു: 1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു |

| | | | |
|---|---|---|---|
| | | | കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് / അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. 2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസസിങ്ങിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്കീം മുഖേന വർഷംതോറും കുറഞ്ഞത് 500 സംരംഭങ്ങൾ എന്ന ലക്ഷ്യം വെച്ചുകൊണ്ട് അഞ്ചു വർഷത്തേക്ക് 2500 സംരംഭങ്ങൾ എങ്കിലും നടപ്പിലാക്കുവാനും ഇത് വഴി 3,000 തൊഴിലവസരങ്ങൾ വർഷാവർഷം സൃഷ്ടിക്കാനുള്ള സാഹചര്യവും സംസ്ഥാനത്ത് സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, തൊഴിൽ മേഖലകളിലും സാമൂഹ്യജീവിതത്തിലും ആശാവഹമായ പുരോഗതിയും സംസ്ഥാന സമ്പത്ഘടനയുടെ വളർച്ചയും ഉറപ്പ് വരുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ